

# ജനഹിതം

വാർത്താപത്രിക

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം

2025 ഫെബ്രുവരി


# നൂറ് ശതമാനം വോട്ടു ചെയ്യുന്ന ആദ്യ സംസ്ഥാനമാകണം കേരളം : ഗവർണർ




ജനാധിപത്യപ്രക്രിയയിൽ മികച്ച മാതൃകകൾ സൃഷ്ടിച്ചിട്ടുള്ള കേരളം നൂറ് ശതമാനം സമ്മതിദാനാവകാശം വിനിയോഗിക്കുന്ന ആദ്യസംസ്ഥാനമായി മാറണമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. ദേശീയ വോട്ടർ ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുനന്തപുരം കനകക്കുന്നിൽ നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം.

മികച്ച സർക്കാരിനെയും സ്ഥാനാർത്ഥികളെയും തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ വിവേകത്തോടെ വോട്ടവകാശം വിനിയോഗിക്കണമെന്ന് ഗവർണർ പറഞ്ഞു.

വോട്ടിംഗ് പ്രക്രിയയ്ക്ക് വോട്ടർ സാക്ഷരത ആവശ്യമാണ്. സ്ഥാനാർത്ഥികളെ താരതമ്യപ്പെടുത്തൽ, മികച്ചവരെ തിരഞ്ഞെടുക്കൽ എന്നിവയാണ് അതിലെ ഘടകങ്ങൾ. നോട്ടയ്ക്ക് വോട്ട് ചെയ്യുന്നത് കടമയിൽ നിന്നുള്ള ഒളിച്ചോട്ടമാണോയെന്ന് വോട്ടർമാർ പരിശോധിക്കണമെന്നും ഗവർണർ ആവശ്യപ്പെട്ടു.

ലോകത്ത് ഒരു രാജ്യത്തിനും ചിന്തിക്കാൻ കഴിയാത്ത ബൃഹത്തായ ജനാധിപത്യക്രമമാണ് ഇന്ത്യയ്ക്കുള്ളത്.

രാജ്യം റിപ്പബ്ളിക്ക് ആയതിനു ശേഷമുള്ള 75 വർഷങ്ങളിൽ ആധുനിക ഇന്ത്യയുടെ രൂപീകരണത്തോടൊപ്പം നമ്മുടെ ജനാധിപത്യവും ശക്തമായി. വൈകാരികമായി ജനാധിപത്യപ്രക്രിയയിൽ ഇടപെടുന്ന ജനത എന്ന നിലയിൽ എന്നും വോട്ടിങ്ങിലെ നവീനതകളെ ഇരുകൈയ്യും നീട്ടി കേരളം സ്വീകരിച്ചു.

രാജ്യത്ത് ആദ്യമായി ഇലക്ട്രോണിക് വോട്ടിങ് മെഷീൻ ഉപയോഗിച്ച് കേരളത്തിലാണെന്നും ഗവർണർ ചൂണ്ടിക്കാട്ടി. ഇലക്ട്രോണിക് വോട്ടിംഗ് മെഷീൻ കുറ്റമറ്റതാണെന്നും അവയെക്കുറിച്ചുള്ള ആരോപണങ്ങളിൽ കഴമ്പില്ലെന്നും ഗവർണർ അഭിപ്രായപ്പെട്ടു.

ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പ് സംഘടിപ്പിച്ച ,കേരളത്തിന്റെ തിരഞ്ഞെടുപ്പ് ചരിത്രമുൾക്കൊള്ളുന്ന ഫോട്ടോ പ്രദർശനം, ചീഫ് ഇലക്ടറൽ ഓഫീസിലെ ക്ളൗഡ് അടിസ്ഥാനമാക്കിയ ഫയൽ ആർക്കൈവ്സ് സംവിധാനം എന്നിവയുടെ ഉദ്ഘാടനവും ഗവർണർ നിർവ്വഹിച്ചു.തിരഞ്ഞെടുപ്പിന്റെ വിവിധ മേഖലകളിൽ സ്തുത്യർഹമായ സംഭാവന നൽകിയവർക്കുള്ള പുരസ്ക്കാരങ്ങളും ചടങ്ങിൽ ഗവർണർ വിതരണം ചെയ്തു.

ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ ആശംസാപ്രസംഗം നടത്തി.

ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ യു ഖേൽക്കർ ചടങ്ങിൽ സ്വാഗതവും തിരുവനന്തപുരം ജില്ലാ കളക്ടർ അനു കുമാരി നന്ദിയും പറഞ്ഞു●

# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ വോട്ടർദിനാഘോഷത്തിൽ




**ബഹുമാനപ്പെട്ട കേരള ഗവർണർ ശ്രീ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി ശ്രീമതി ശാരദാ മുരളീധരൻ, ചീഫ് ഇലക്ടറൽ ഓഫീസർ ശ്രീ രത്തൻ യു. ഖേൽക്കർ,**

**ജില്ലാ കളക്ടർ ശ്രീമതി അനുകുമാരി, വിശിഷ്ട വ്യക്തികളെ,**

**അവാർഡ് ജേതാക്കളെ, സഹോദരി,സഹോദരൻമാരെ,**

എല്ലാവർക്കും സുപ്രഭാതം. ഇന്ന്, നമ്മൾ ദേശീയ വോട്ടേഴ്സ് ദിനം ആഘോഷിക്കാൻ ഇവിടെ ഒത്തുകൂടുമ്പോൾ, നമ്മളെ ഇവിടെ എത്തിച്ച പ്രയാണത്തെ ഒരു നിമിഷം തിരഞ്ഞു നോക്കാം.

ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ സ്ഥാപിതമായത് 1950-ലെ ഈ ദിവസമായിരുന്നു. അതു കഴിഞ്ഞ് നമ്മുടെ ജനാധിപത്യസംവിധാനം ലോകത്തെ ഏറ്റവും വലുതും ഊർജ്ജസ്വലവുമായ ജനാധിപത്യമായി പരിണമിച്ചിരുന്നു. പൗരന്മാരുടെ പങ്കാളിത്തം ഒന്നു കൊണ്ടു മാത്രമാണ് ജനാധിപത്യം ശക്തമാകുന്നത്. തിരഞ്ഞെടുപ്പുകൾ കേവലം വോട്ടെടുപ്പ് മാത്രമല്ല ; അവ ജനങ്ങളുടെ ഭാവി രൂപപ്പെടുത്തുന്നതാണെന്ന അവരുടെ വിശ്വാസത്തിന്റെ പ്രതീകമാണ് . ഒരു സുസ്ഥിര ജനാധിപത്യ രാജ്യമാണെന്നതിൽ ഇന്ത്യയ്ക്ക് അഭിമാനിക്കാം.പ്രത്യേകിച്ചും കേരളം സജീവ വോട്ടർ പങ്കാളിത്തത്തിന്റെ കാര്യത്തിൽ ഉജ്ജ്വലമായ ഉദാഹരണമായി വർത്തിക്കുന്നു.

സ്ഥിരമായി ഏറ്റവും കൂടുതൽ വോട്ടിംഗ് ശതമാനം രേഖപ്പെടുത്തുന്നതിലൂടെ നമ്മുടെ സംസ്ഥാനം ജനാധിപത്യമൂല്യങ്ങളോടുള്ള പ്രതിബദ്ധത പ്രകടമാക്കുന്നു. എന്നിരുന്നാലും, ഈ വിജയം യാദൃശ്ചികമല്ല. നിരവധി വ്യക്തികളുടെ കൃത്യമായ ആസൂത്രണം, കഠിനാധ്വാനം, സമർപ്പണം എന്നിവയുടെ ഫലമാണീ വിജയം.എല്ലാ തിരഞ്ഞെടുപ്പുകളുടെയും കരുത്തും കാതലും വോട്ടർ പട്ടികയാണ്. അതിന്റെ കൃത്യതയും ഉൾപ്പെടുത്തലും ഉറപ്പാക്കുന്നത് ഒരു സാങ്കേതിക ചുമതല മാത്രമല്ല ഒരു ധാർമിക ഉത്തരവാദിത്തം കൂടിയാണ്. കൃത്യതയുള്ള വോട്ടർപട്ടിക തയ്യാറാക്കുന്നതിലും സ്വതന്ത്രവും നീതിപൂർവ്വകവുമായി തിരഞ്ഞെടുപ്പ് നടത്തുന്നതിലും, ബൂത്ത് ലെവൽ ഓഫീസർമാർ മുതലുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ നിർണായക പങ്ക് ഇവിടെ സ്മരിക്കേണ്ടതുണ്ട്. അവരുടെ അക്ഷീണമായ പ്രയത്നം , എല്ലാ പൗരന്മാർക്കും സമ്മതിദാനാവകാശം രേഖപ്പെടുത്താനുള്ള അവസരം ഉറപ്പാക്കുന്നു.

ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ സംഭാവനകൾ അംഗീകരിക്കുകയും വിലമതിക്കുകയും ചെയ്യുന്നു. ഇന്ന്, നമ്മൾ വിവിധ വിഭാഗങ്ങളിൽ മികച്ച പ്രകടനം നടത്തിയവരെ ആദരിക്കുന്നു.നമ്മുടെ തിരഞ്ഞെടുപ്പ് യാഥാർത്ഥ്യമാക്കുന്നവരുടെ കഠിനപ്രയത്നത്തിന്റെയും അർപ്പണബോധത്തിന്റെയും സാക്ഷ്യപത്രമാണ് ഇന്ന് ബഹുമാനപ്പെട്ട ഗവർണർ അവർക്ക് സമ്മാനിക്കുന്ന അവാർഡുകൾ. അവാർഡ് ജേതാക്കൾക്ക്, എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. നിങ്ങളുടെ പ്രതിബദ്ധത നമ്മെയെല്ലാം മികവിനായി പരിശ്രമിച്ച് ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്താൻ പ്രചോദിപ്പിക്കുന്നു

കഴിഞ്ഞ കാലത്തെ നേട്ടങ്ങളുടെ ആഘോഷം മാത്രമല്ല ദേശീയ വോട്ടർ ദിനം. ഭാവിയെക്കുറിച്ച് പ്രതീക്ഷയോടെ ചിന്തിക്കുന്നത് കൂടിയാണ് അത്. ജനാധിപത്യബോധം ഉള്ളവരുടെ സജീവമായ പങ്കാളിത്തത്തിന്റെ പ്രാധാന്യത്തെ ഊട്ടി ഉറപ്പിക്കുന്നതാണ് ഈ വർഷത്തെ വോട്ടർ ദിനാചരണത്തിന്റെ തീം , "വോട്ട് പോലെ ഒന്നുമില്ല, ഞാൻ ഉറപ്പായും വോട്ട് ചെയ്യും".

അഭിവൃദ്ധി പ്രാപിക്കുന്ന ജനാധിപത്യത്തിന്റെ അടിത്തറയാണ് നല്ല കാര്യജ്ഞാനമുള്ള ഒരു വോട്ടർ. നിർണായകമായ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിന് വോട്ടർ ബോധവൽക്കരണം തുടരണം. വോട്ടർ പട്ടികയിൽ എങ്ങനെയാണ് നമ്മുടെ പേര് ചേർക്കുന്നത്? എവിടെ, എപ്പോൾ, എങ്ങനെ നാം വോട്ട് ചെയ്യണം. ഏറ്റവും പ്രധാനമായി, ആരൊക്കെയാണ് സ്ഥാനാർത്ഥികൾ. അവർ എന്തിനു വേണ്ടിയാണ് നിലകൊള്ളുന്നത്? വോട്ട് ചെയ്യുന്ന പ്രവൃത്തി കൊണ്ടു മാത്രമല്ല ; അതിന്റെ പ്രാധാന്യം മനസ്സിലാക്കുമ്പോഴാണ് ജനാധിപത്യം അഭിവൃദ്ധിപ്പെടുന്നത്. നമ്മുടെ രാജ്യത്തിന്റെ ഭാഗധേയം നിർണ്ണയിക്കാനുള്ള ശക്തി ഓരോ വോട്ടിനുമുണ്ട്. കാര്യപ്രാപ്തിയുള്ള തിരഞ്ഞെടുപ്പിലൂടെ നമ്മൾ നമ്മുടെ ഭാവി രൂപപ്പെടുത്തുകയും ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നതിന് മുൻപ് അധികാരവികേന്ദ്രീകരണത്തെ പ്രാധാന്യത്തോടെ കാണാൻ ഞാൻ ആഗ്രഹിക്കുന്നു

ഭരണഘടനാ വ്യവസ്ഥകളാൽ ശാക്തീകരിക്കപ്പെട്ട നമ്മുടെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഭരണനിർവ്വഹണത്തിൽ നിർണായകമായ പങ്ക് വഹിക്കുന്നു.

ഈ സ്ഥാപനങ്ങൾ സമൂഹത്തിന്റെ പുരോഗതിക്ക് വേണ്ടി ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള ഭാരിച്ച ഉത്തരവാദിത്തം , വോട്ടർമാരെന്ന നിലയിൽ നമുക്കുണ്ട്.

ജാഗ്രതയും , ഉത്തരവാദിത്വബോധവുമുള്ള സജീവമായ പൗരന്മാരായിരിക്കുമെന്ന് നമുക്ക് ഇന്ന് പ്രതിജ്ഞയെടുക്കാം.

നമ്മുടെ സമ്മതിദാനാവകാശം, ബോധപൂർവവും മനസാക്ഷിപ്രകാരവും വിനിയോഗിക്കാം. നമുക്കൊരുമിച്ച് ജനാധിപത്യം കൂടുതൽ അർത്ഥപൂർണവും ഊർജ്ജസ്വലവുമാക്കാം●

നന്ദി, ജയ് ഹിന്ദ്

# 30 തദ്ദേശ വാർഡുകളിൽ ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 24 ന്

വയനാട് ഒഴികെയുള്ള 13 ജില്ലകളിലായി ഒരു കോർപ്പ റേഷൻ വാർഡ്, രണ്ട് ബ്ളോക്ക് പഞ്ചായത്ത് വാർഡുകൾ, മൂന്ന് മുനിസി പ്പാലിറ്റി വാർഡുകൾ, 24 ഗ്രാമപഞ്ചായത്ത് വാർഡുകൾ എന്നിവയിലേയ്ക്കുള്ള ഉപതിരഞ്ഞെടുപ്പ് ഫെബ്രുവരി 24 ന് നടക്കും. തിരഞ്ഞെടുപ്പ് വിജ്ഞാപനം ജനുവരി 30 ന് പുറപ്പെടുവിച്ചു.

വോട്ടെടുപ്പ് ഫെബ്രുവരി 24 ന് രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് വരെയാണ്. വോട്ടെണ്ണൽ ഫെബ്രുവരി 25 ന് രാവിലെ 10 മണിക്ക് നടത്തും.

തിരുവനന്തപുരം കോർപ്പറേഷനിലെ ശ്രീവരാഹം വാർഡ്, കരുംകുളം ഗ്രാമപഞ്ചായത്തിലെ കൊച്ചുപള്ളി, പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ പുളിങ്കോട്, പാങ്ങോട് ഗ്രാമപഞ്ചായത്തിലെ പുലിപ്പാറ (തിരുവനന്തപുരം ജില്ല), കൊട്ടാരക്കര മുനിസിപ്പാലിറ്റിയിലെ കല്ലുവാതുക്കൽ വാർഡ്, അഞ്ചൽ ബ്ളോക്ക് പഞ്ചായത്തിലെ അഞ്ചൽ, കൊട്ടാരക്കര ബ്ളോക്ക് പഞ്ചായത്തിലെ കൊട്ടറ, കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ കൊച്ചുമാംമൂട്, ക്ലാപ്പന ഗ്രാമപഞ്ചായത്തിലെ പ്രയാർ തെക്ക് ബി, ഇടമുളക്കൽ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറ്റിൻകര (കൊല്ലം ജില്ല), പത്തനംതിട്ട മുനിസിപ്പാലിറ്റിയിലെ കുമ്പഴ നോർത്ത്, അയിരൂർ ഗ്രാമപഞ്ചായത്തിലെ തടിയൂർ, പുറമറ്റം ഗ്രാമപഞ്ചായത്തിലെ ഗ്യാലക്സി നഗർ (പത്തനംതിട്ട ജില്ല) , കാവാലം ഗ്രാമപഞ്ചായത്തിലെ പാലോടം, മുട്ടാർ ഗ്രാമ പഞ്ചായത്തിലെ മിത്രക്കരി ഈസ്റ്റ് (ആലപ്പുഴ ജില്ല), രാമപുരം ഗ്രാമപഞ്ചായത്തിലെ ജി വി സ്കൂൾ വാർഡ് (കോട്ടയം ജില്ല ), വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ ദൈവം മേട് (ഇടുക്കി ജില്ല), മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിലെ ഈസ്റ്റ് ഹൈസ്കൂൾ വാർഡ്, അശമന്നൂർ ഗ്രാമപഞ്ചായത്തിലെ മേതല തെക്ക്, പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിലെ പനങ്കര, പായിപ്ര ഗ്രാമപഞ്ചായത്തിലെ നിരപ്പ് (എറണാകുളം ജില്ല), ചൊവ്വന്നൂർ ഗ്രാമപഞ്ചായത്തിലെ മാന്തോപ്പ് (തൃശൂർ ജില്ല), മൂണ്ടൂർ ഗ്രാമപഞ്ചായത്തിലെ കീഴ്പാടം (പാലക്കാട്), കരുളായി ഗ്രാമപഞ്ചായത്തിലെ ചക്കിട്ടാമല, തിരുനാവായ ഗ്രാമപഞ്ചായത്തിലെ എടക്കുളം ഈസ്റ്റ് (മലപ്പുറം ജില്ല), പുറമേരി ഗ്രാമപഞ്ചായത്തിലെ കുഞ്ഞല്ലൂർ (കോഴിക്കോട് ജില്ല), പന്ന്യന്നൂർ ഗ്രാമപഞ്ചായത്തിലെ താഴെ ചമ്പാട് (കണ്ണൂർ ജില്ല), മടിക്കൈ ഗ്രാമപഞ്ചായത്തിലെ കോളിക്കുന്ന്, കോടോംബേളൂർ ഗ്രാമപഞ്ചായത്തിലെ അയറോട്ട്, കയ്യൂർ ചീമേനി ഗ്രാമ പഞ്ചായത്തിലെ പള്ളിപ്പാറ (കാസർകോട് ജില്ല) എന്നിവടങ്ങളിലാണ് ഉപതിരഞ്ഞെടുപ്പ് നടക്കുന്നത്.

മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും അതാത് വാർഡുകളിലും ഗ്രാമപഞ്ചായത്തുകളിൽ മുഴുവൻ പ്രദേശത്തും മാതൃകാ പെരുമാറ്റചട്ടം ബാധകമാണ്. ബ്ലോക്ക്പഞ്ചായത്തുകളിൽ ഉപതിരഞ്ഞെടുപ്പുള്ള വാർഡുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്ത് പ്രദേശത്താണ് പെരുമാറ്റച്ചട്ടമുള്ളത്.

വോട്ടെടുപ്പിനായി 80 പോളിംഗ് ബൂത്തുകൾ സജ്ജമാക്കിയിട്ടുണ്ട്. ഉപതിരഞ്ഞെടുപ്പിനുള്ള അന്തിമ വോട്ടർപട്ടിക ജനുവരി 28 ന് പ്രസിദ്ധീകരിച്ചിരുന്നു. പട്ടികയിൽ ആകെ 60617 വോട്ടർമാരാണുള്ളത്. 28530 പുരുഷന്മാരും 32087 സ്ത്രീകളും.

കമ്മീഷന്റെ www.sec.kerala.gov.in വെബ്സൈറ്റിലും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിലും വോട്ടർപട്ടിക ലഭ്യമാണ്.

തിരഞ്ഞെടുപ്പ് ഫലപ്രഖ്യാപനതീയതി മുതൽ 30 ദിവസത്തിനകം സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് അതാത് തദ്ദേശസ്ഥാപന സെക്രട്ടറിമാർക്ക് സമർപ്പിക്കണം●

# ദേശീയ വോട്ടർദിനം



ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപകദിനമായ ജനുവരി 25 ആണ് ദേശീയ വോട്ടർദിനമായി ആചരിക്കുന്നത്. 1950 ലാണ് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ സ്ഥാപിതമായത്. 2011 മുതലാണ് ദേശീയ സമ്മതിദായകദിനാമാചരിച്ചു തുടങ്ങിയത്.

2025 ലേത് 15-ാം വോട്ടർദിനമാണ്. ഈ വർഷത്തെ തീം – "വോട്ടിംഗ് പോലെ ഒന്നുമില്ല, ഞാൻ ഉറപ്പായും വോട്ടു ചെയ്യുന്നു". ഭരണനിർവ്വഹണം രൂപപ്പെടുത്തുന്നതിനും ഉത്തരവാദിത്വം ഉറപ്പ് വരുത്തുന്നതിനും വോട്ടവകാശം ഫലപ്രദമായി ഉപയോഗിക്കണമെന്ന് ഈ ദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. 1989 ലെ 61-ാമത് ഭരണഘടനാ ഭേദഗതിയിലൂടെയാണ് വോട്ടവകാശത്തിനുള്ള പ്രായം 21 ൽ നിന്നും 18 വയസ്സാക്കിയത്. വോട്ടവകാശത്തെ സംബന്ധിച്ച് ഭരണഘടന ആർട്ടിക്കിൾ 326 ൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രായപൂർത്തി വോട്ടവകാശം ഭരണഘടന നമുക്ക് ലഭ്യമാക്കിയ അധികാരമാണ്.

ഇന്ത്യൻ ജനാധിപത്യ പ്രക്രിയയുടെ അഖണ്ഡത സംരക്ഷിക്കുന്നതിൽ തിരഞ്ഞെടുപ്പ് കമ്മീഷനുകളുടെ പങ്ക്, ദേശീയ വോട്ടർദിനാചരണം നമ്മെ ഓർമ്മപ്പെടുത്തുന്നു. വോട്ടർപട്ടികയിൽ പേര് ചേർക്കുന്ന പ്രക്രിയയിൽ പുതിയ വോട്ടർമാരെ ആകർഷിക്കുക, ജനാധിപത്യ പ്രക്രിയയിൽ സജീവമായ വോട്ടർ പങ്കാളിത്തം ഉറപ്പാക്കുക, വോട്ടവകാശം ഭരണഘടന നൽകുന്ന അധികാരമാണെന്ന ബോധം സൃഷ്ടക്കുക എന്നിവയാണ് വോട്ടർദിനാചരണത്തിന്റെ ഉദ്ദേശ്യം. വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിലും വോട്ടവകാശം വിനിയോഗിക്കുന്നതിലും യുവജനപങ്കാളിത്തം ഉറപ്പുവരുത്തുകയെന്നത് വോട്ടർദിനാചരണത്തിന്റെ പ്രധാന ലക്ഷ്യമാണ്●

# ഉപതിരഞ്ഞെടുപ്പ് വാർഡുകളിൽ ജനുവരി 28ന് പ്രസിദ്ധീകരിച്ച അന്തിമ വോട്ടർപട്ടിക

| പുരുഷ വോട്ടർമാർ - 28530 | സ്ത്രീ വോട്ടർമാർ - 32087 | ആകെ വോട്ടർമാർ - 60617 |
|---|---|---|

| ക്രമ നമ്പർ | ജില്ല | കോർപ്പറേഷൻ | വാർഡ് | പുരുഷ വോട്ടർമാർ | സ്ത്രീ വോട്ടർമാർ | ആകെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | തിരുവനന്തപുരം | ശ്രീവരാഹം | 2866 | 2966 | 5832 |

| ക്രമ നമ്പർ | ജില്ല | മുനിസിപ്പാലിറ്റി | വാർഡ് | പുരുഷ വോട്ടർമാർ | സ്ത്രീ വോട്ടർമാർ | ആകെ |
|---|---|---|---|---|---|---|
| 1 | കൊല്ലം | കൊട്ടാരക്കര | കല്ലുവാതുക്കൽ | 386 | 470 | 856 |
| 2 | പത്തനംതിട്ട | പത്തനംതിട്ട | കുമ്പഴ നോർത്ത് | 472 | 541 | 1013 |
| 3 | എറണാകുളം | മൂവാറ്റുപുഴ | ഈസ്റ്റ് ഹൈസ്കൂൾ വാർഡ് | 451 | 553 | 1004 |
| ആകെ | | | | 1309 | 1564 | 2873 |

| ക്രമ നമ്പർ | ജില്ല | ബ്ലോക്ക് പഞ്ചായത്ത് | നിയോജക മണ്ഡലം | പുരുഷ വോട്ടർമാർ | സ്ത്രീ വോട്ടർമാർ | ആകെ |
|---|---|---|---|---|---|---|
| 1 | കൊല്ലം | അഞ്ചൽ | അഞ്ചൽ | 6386 | 7385 | 13771 |
| 2 | കൊല്ലം | കൊട്ടാരക്കര | കൊട്ടറ | 3528 | 4140 | 7668 |
| ആകെ | | | | 9914 | 11525 | 21439 |

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്ത് | നിയോജക മണ്ഡലം | പുരുഷ വോട്ടർമാർ | സ്ത്രീ വോട്ടർമാർ | ആകെ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | കരുംകുളം | കൊച്ചുപള്ളി | 685 | 635 | 1320 |
| 2 | തിരുവനന്തപുരം | പൂവച്ചൽ | പുളിങ്കോട് | 836 | 945 | 1781 |
| 3 | തിരുവനന്തപുരം | പാങ്ങോട് | പുലിപ്പാറ | 807 | 924 | 1731 |
| 4 | കൊല്ലം | കുലശേഖരപുരം | കൊച്ചുമാംമൂട് | 750 | 820 | 1570 |
| 5 | കൊല്ലം | ക്ലാപ്പന | പ്രയാർ തെക്ക് ബി | 493 | 572 | 1065 |
| 6 | കൊല്ലം | ഇടമുളക്കൽ | പടിഞ്ഞാറ്റിൻകര | 848 | 990 | 1838 |
| 7 | പത്തനംതിട്ട | അയിരൂർ | തടിയൂർ | 475 | 547 | 1022 |
| 8 | പത്തനംതിട്ട | പുറമറ്റം | ഗ്യാലക്സി നഗർ | 417 | 489 | 906 |
| 9 | ആലപ്പുഴ | കാവാലം | പാലോടം | 405 | 445 | 850 |
| 10 | ആലപ്പുഴ | മുട്ടാർ | മിത്രക്കരി ഈസ്റ്റ് | 300 | 303 | 603 |
| 11 | കോട്ടയം | രാമപുരം | ജി.വി.സ്കൂൾ വാർഡ് | 871 | 957 | 1828 |
| 12 | ഇടുക്കി | വാത്തിക്കുടി | ദൈവംമേട് | 556 | 614 | 1170 |
| 13 | എറണാകുളം | അശമന്നൂർ | മേതല തെക്ക് | 540 | 596 | 1136 |
| 14 | എറണാകുളം | പൈങ്ങോട്ടൂർ | പനങ്കര | 488 | 496 | 984 |
| 15 | എറണാകുളം | പായിപ്ര | നിരപ്പ് | 707 | 706 | 1413 |
| 16 | തൃശ്ശൂർ | ചൊവ്വന്നൂർ | മാന്തോപ്പ് | 520 | 603 | 1123 |
| 17 | പാലക്കാട് | മുണ്ടൂർ | കീഴ്പാടം | 765 | 792 | 1557 |
| 18 | മലപ്പുറം | കരുളായി | ചക്കിട്ടാമല | 573 | 688 | 1261 |
| 19 | മലപ്പുറം | തിരുനാവായ | എടക്കുളം ഈസ്റ്റ് | 859 | 965 | 1824 |
| 20 | കോഴിക്കോട് | പുറമേരി | കുഞ്ഞല്ലൂർ | 693 | 830 | 1523 |
| 21 | കണ്ണൂർ | പന്ന്യന്നൂർ | താഴെ ചമ്പാട് | 556 | 625 | 1181 |
| 22 | കാസർഗോഡ് | മടിക്കൈ | കോളിക്കുന്ന് | 322 | 404 | 726 |
| 23 | കാസർഗോഡ് | കോടോം ബേളൂർ | അയറോട്ട് | 610 | 676 | 1286 |
| 24 | കാസർഗോഡ് | കയ്യൂർ ചീമേനി | പള്ളിപ്പാറ | 365 | 410 | 775 |
| ആകെ | | | | 14441 | 16032 | 30473 |

# ഉപതിരഞ്ഞെടുപ്പ്: ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കുള്ള മാർഗനിർദ്ദേശങ്ങൾ

- 24.02.2025ന് നടത്തുന്ന ഉപതിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം 29.01.2025 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്.
- ഉപതിരഞ്ഞെടുപ്പിന്റെ കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനും ഉപതിരഞ്ഞെടുപ്പിന്റെ സുഗമവും നീതിപൂർവ്വകവുമായ നടത്തിപ്പിനും ആവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്. 2025 ഫെബ്രുവരി 24 (തിങ്കൾ)ന് ഉപതിരഞ്ഞെടുപ്പ് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും നിയോജക മണ്ഡലങ്ങളിൽ / വാർഡുകളിൽ തിരഞ്ഞെടുപ്പ് നടപടികൾക്കെതിരെ ഏതെങ്കിലും കോടതി വിധിയോ വിലക്കോ ഇല്ലെന്ന് ഉറപ്പുവരുത്താൻ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ ആ വിവരം എത്രയും വേഗം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്. കൂടാതെ, ബന്ധപ്പെട്ട വരണാധികാരി, ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ, അസിസ്റ്റന്റ് വരണാധികാരി, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നിവരുടെ യോഗം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ വിളിച്ചു കൂട്ടേണ്ടതും തിരഞ്ഞെടുപ്പ് പ്രക്രിയ സംബന്ധിച്ച നിർദേശങ്ങൾ നൽകേണ്ടതുമാണ്.
- വരണാധികാരികൾക്ക് സ്വന്തമായി ഓഫീസ് വാഹനമില്ലാത്ത പക്ഷം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വാഹനം തിരഞ്ഞെടുപ്പ് ആവശ്യങ്ങൾക്ക് ലഭ്യമാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നടപടി സ്വീകരിക്കേണ്ടതാണ്.
- 1995-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളും പ്രകാരം ഗ്രാമ പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് രണ്ടായിരം രൂപയും, ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ മത്സരിക്കുന്നതിന് നാലായിരം രൂപയും മുനിസിപ്പാലിറ്റി വാർഡുകളിൽ മത്സരിക്കുന്നതിന് നാലായിരം രൂപയും മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ മത്സരിക്കുന്നതിന് അയ്യായിരം രൂപയും ആണ് സ്ഥാനാർത്ഥികൾ നിക്ഷേപതുകയായി കെട്ടിവെക്കേണ്ടത്. എന്നാൽ പട്ടികജാതിയിലോ പട്ടികവർക്ഷത്തിലോപെട്ട സ്ഥാനാർത്ഥികളുടെ സംഗതിയിൽ കെട്ടിവെക്കേണ്ട തുക അങ്ങനെയുള്ള നിയോജകമണ്ഡലത്തിലേയ്ക്ക് നിശ്ചയിച്ചിട്ടുള്ള തുകയുടെ അൻപത് ശതമാനം ആയിരിക്കുന്നതാണ്. കെട്ടിവയ്ക്കേണ്ട തുക 8443-civil deposits - 121 - deposits in connection with election - 94 - deposits made by candidate for Panchayat /8443 - 121 -95-deposits made by candidate for municipality എന്നീ അതത് ശീർഷകങ്ങളിലെ ട്രഷറി നിക്ഷേപമായോ ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങളിൽ നിക്ഷേപം നടത്തിയ രസീത് ഹാജരാക്കിയോ നിക്ഷേപതുക നേരിട്ട് വരണാധികാരിയുടെ പക്കൽ ഏല്പിച്ചോ നിക്ഷേപിക്കാവുന്നതാണ്.
- വരണാധികാരികൾ തിരഞ്ഞെടുപ്പിന് ശേഷം സ്ഥാനാർത്ഥികളുടെ നിക്ഷേപതുക തിരികെ നൽകുകയോ കണ്ടുകെട്ടുയോ ചെയ്യുന്നതിന്, കമ്മീഷന്റെ 23/02/2023ലെ ബി1/39/2021/സം.തി.ക നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവിന്റെ പരിധി മുനിസിപ്പൽ കോർപ്പറേഷൻ വാർഡുകളിൽ 1,50,000/ രൂപയും (ഒരുലക്ഷത്തിയമ്പതിനായിരം) രൂപയും ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 75,000/ രൂപയും (എഴുപത്തയ്യായിരം) മുനിസിപ്പാലിറ്റി വാർഡുകളിൽ 75,000/രൂപയും (എഴുപത്തയ്യായിരം) ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലങ്ങളിൽ 25,000/ (ഇരുപത്തയ്യായിരം) രൂപയുമാണെന്ന വിവരത്തിന് വേണ്ടത്ര പ്രചാരണം നൽകേണ്ടതാണ്.
- തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾ തിരഞ്ഞെടുപ്പ് ചെലവ് കണക്ക് ഫലപ്രഖ്യാപന തീയതി മുതൽ 30 ദിവസത്തിനകം കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് സമർപ്പിക്കണം. ഇതിലേയ്ക്ക്, അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരെയാണ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥരായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ വിവരം സ്ഥാനാർത്ഥികളെ മുൻകൂട്ടി അറിയിക്കാൻ വരണാധികാരി നടപടി സ്വീകരിക്കേണ്ടതാണ്.
- 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 86-ാം വകുപ്പും / 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം 142-ാം വകുപ്പും അനുസരിച്ച് നിശ്ചിത സമയത്തിനകം തിരഞ്ഞെടുപ്പ് ചെലവു കണക്ക് സമർപ്പിച്ചിട്ടില്ലാത്ത സ്ഥാനാർത്ഥികളുടെ വിവരവും, 1995-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം / കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ 59-ാം ചട്ടം അനുസരിച്ച്, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ടും, www.sec.kerala.gov.in സൈറ്റിൽ ഓൺലൈനിലൂടെയും നേരിട്ടും യഥാസമയം തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷന് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# പത്രവാർത്തകളിലൂടെ

## ആളോഹരിച്ചെലവ് : ഗ്രാമ-നഗര വ്യത്യാസം കുറയുന്നു

രാജ്യത്ത് പ്രതിമാസ ആളോഹരിച്ചെലവിൽ ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുള്ള അന്തരം കുറയുന്നതായി കേന്ദ്ര സ്റ്റാറ്റിസ്റ്റിക്സ് മന്ത്രാലയത്തിന്റെ പഠനം.

നഗരമേഖലയിൽ ഉപഭോഗത്തിൽ നേരിയ കുറവുണ്ടായപ്പോൾ ഗ്രാമങ്ങളിലെ ശരാശരി ആളോഹരിച്ചെലവ് ഉയരുകയാണ്.

2023-24 വർഷത്തിൽ ഗ്രാമങ്ങളിൽ 4122 രൂപയും നഗരങ്ങളിൽ 6996 രൂപയുമാണ് പ്രതിമാസ ആളോഹരിച്ചെലവ്.

കേരളത്തിൽ ഇത് ഗ്രാമങ്ങളിൽ 6611 രൂപയും നഗരങ്ങളിൽ 7783 രൂപയുമാണ്.

ഒരു വ്യക്തി ഒരു മാസം അടിസ്ഥാന ആവശ്യങ്ങൾക്കായി ചെലവിടുന്ന ശരാശരി തുകയാണ് പ്രതിമാസ ആളോഹരിച്ചെലവ് എന്ന് പറയുന്നത്. ഭക്ഷണം, ആരോഗ്യം, വൈദ്യുതി, ഗതാഗതം, വിദ്യാഭ്യാസം എന്നിവയാണ് പ്രധാനമായും ഇതിലുൾപ്പെടുന്നത്.

## തിരഞ്ഞെടുപ്പ് : വീഡിയോ തെളിവുകൾ പൊതുജനത്തിന് പരിശോധിക്കാനാവില്ല

തിരഞ്ഞെടുപ്പ് പ്രക്രിയയ്ക്കിടെ ശേഖരിക്കുന്ന വീഡിയോ തെളിവുകൾ ഉൾപ്പെടെയുള്ളവയിൽ പൊതുജനങ്ങൾക്ക് പരിശോധന ഇനി സാധ്യമല്ല. ഇതിനായി തിരഞ്ഞെടുപ്പ് ചട്ടത്തിൽ കേന്ദ്രസർക്കാർ ഭേദഗതി വരുത്തി. തിരഞ്ഞെടുപ്പ് കമ്മീഷന്റെ ശുപാർശപ്രകാരമാണീ നടപടി.

പുതിയ ഭേദഗതിപ്രകാരം വ്യക്തമായി പറയാത്ത രേഖകൾ പൊതുജനങ്ങൾക്ക് പരിശോധിക്കാനാകില്ല. നിയമത്തിലെ 92-ാം വകുപ്പ് പ്രകാരം നേരത്തെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രേഖകൾ പൊതുജനങ്ങൾക്ക് ലഭ്യമായിരുന്നു. ചില രേഖകൾക്ക് നിയന്ത്രണമേർപ്പെടുത്തിയിരുന്നു.

ചട്ടത്തിൽ എടുത്തു പറയാത്ത രേഖകൾ പരിശോധിക്കാനാകില്ലെന്ന ഭേദഗതിയാണ് നിയമമന്ത്രാലയം കൊണ്ടുവന്നത്. സിസിടിവി ദൃശ്യങ്ങൾ , വെബ്കാസ്റ്റിംഗ് ദൃശ്യങ്ങൾ, മാതൃകാപെരുമാറ്റചട്ടത്തിന്റെ ഭാഗമായുള്ള ചിത്രീകരണം തുടങ്ങിയവയിൽ ഇനി പരിശോധന സാധ്യമാകില്ല.

## ലോക്സഭാ തിരഞ്ഞെടുപ്പിൽ 64.64 കോടി വോട്ടർമാർ വോട്ട് ചെയ്തു

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ രാജ്യത്ത് 64.64 കോടി വോട്ടർമാർ സമ്മതിദാനാവകാശം രേഖപ്പെടുത്തിയെന്ന് ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ. സ്ത്രീ വോട്ടർമാർ 65.78 ശതമാനവും പുരുഷവോട്ടർമാർ 65.55 ശതമാനവുമാണ്.ഏറ്റവും കൂടുതൽ സ്ത്രീവോട്ടർമാർ പുതുച്ചേരിയിലാണുണ്ടായിരുന്നത്, 53.03 ശതമാനം. 51.56 ശതമാനത്തോടെ കേരളമാണ് രണ്ടാം സ്ഥാനത്ത്.

2024 ൽ 97.97 കോടി വോട്ടർമാരാണ് വോട്ടർപട്ടികയിൽ പേര് ചേർത്തത്. 2019 ൽ ഇത് 91.19 കോടിയായിരുന്നു.

## ഗവർണർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു

കേരളത്തിന്റെ 23-ാമത് ഗവർണറായി രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

രാജ്ഭവനിൽ നടന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിഥിൻ മധുകർ ജാംദർ സത്യപ്രതിജ്ഞാവാചകം ചൊല്ലിക്കൊടുത്തു.

മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ, മന്ത്രിമാർ, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ, ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ജീവനക്കാരുടെ ആസ്തി, ബാധ്യതകൾ രഹസ്യവിവരമല്ല

സർക്കാർ ജീവനക്കാരുടെ ആസ്തിയും ബാധ്യതയും സംബന്ധിച്ച വിവരം വിവരാവകാശത്തിന്റെ പരിധിയിൽ ഉൾപ്പെടുമെന്ന് മദ്രാസ് ഹൈക്കോടതി വിധിച്ചു.

സർക്കാർ ജീവനക്കാരുടെ സർവ്വീസ് രജിസ്റ്ററിൽ ചില സ്വകാര്യവിവരങ്ങൾ കണ്ടേക്കാമെങ്കിലും അവയെ മൊത്തത്തിൽ സ്വകാര്യമെന്ന് പറഞ്ഞ് ഒഴിവാക്കാൻ പറ്റില്ലെന്ന് ജസ്റ്റിസ് സി.വി.കാർത്തികേയന്റെ ബെഞ്ച് വ്യക്തമാക്കി.

പൊതുജനങ്ങളുടെ കാഴ്ചപ്പുറത്ത് നിൽക്കുന്നവരാണ് പൊതുജനസേവകരെന്ന് കോടതി ഓർമ്മിപ്പിച്ചു.

പ്രത്യേക സാഹചര്യങ്ങളിൽ സർക്കാർ ജീവനക്കാരുടെ പേരിലെടുത്ത നടപടികളുടെ വിവരം വെളിപ്പെടുത്താതിരിക്കാം. എന്നാൽ, സർവ്വീസ് വിവരങ്ങളും ആസ്തികളുടെയും ബാധ്യതകളുടെയും വിവരങ്ങളും പൊതുജനങ്ങളിൽ നിന്നും മറച്ചു വെയ്ക്കാനാകില്ല.

## നിലവിലുള്ള നിയമങ്ങൾ പുതിയ സംസ്ഥാനങ്ങൾക്കും ബാധകം

ഒരു സംസ്ഥാനത്തെ വിഭജിച്ച് രൂപീകരിക്കുന്ന പുതിയ സംസ്ഥാനത്തിൽ മാതൃസംസ്ഥാനത്ത് നിലവിലുള്ള എല്ലാ നിയമങ്ങളും ബാധകമാകുമെന്ന് സുപ്രീം കോടതി.

ജസ്റ്റിസ്മാരായ സി റ്റി രവികുമാർ, രാജേഷ് ബിണ്ഡാൽ എന്നിവരടങ്ങിയ ബെഞ്ചാണ് ഈ വിധി പുറപ്പെടുവിച്ചത്. പുതിയ സംസ്ഥാനം നിലവിലുള്ള നിയമം മാറ്റുകയോ ഭേദഗതി വരുത്തുകയോ ചെയ്തില്ലെങ്കിൽ മാതൃസംസ്ഥാനത്തുണ്ടായിരുന്ന നിയമം ബാധകമാകും.

സിബിഐ അന്വേഷണവുമായി ബന്ധപ്പെട്ട കേസിൽ തെലുങ്കാന സർക്കാരിന്റെ അനുമതി ആവശ്യമില്ലെന്ന് കോടതി ഉത്തരവായി. ആന്ധ്രാപ്രദേശ് സംസ്ഥാനത്ത് സിബിഐ അന്വേഷണത്തിന് പ്രത്യേക അനുമതി ആവശ്യമില്ല. അക്കാരണത്താൽ ആന്ധ്രാപ്രദേശിനെ വിഭജിച്ച് രൂപീകരിച്ച തെലുങ്കാനയിൽ, അവിടത്തെ സർക്കാർ നിയമം മാറ്റുകയോ ഭേദഗതി വരുത്തുകയോ ചെയ്യുന്നത് വരെ ആന്ധ്രാപ്രദേശിലെ നിയമങ്ങൾ ബാധകമാണ്.

## തോന്നിയ പോലെ പോസ്റ്റർ ഒട്ടിച്ചാൽ അകത്താകും

അനുവാദമില്ലാതെ പൊതു ഇടങ്ങളിൽ പോസ്റ്റർ ഒട്ടിക്കുകയോ ബോർഡുകൾ വയ്ക്കുകയോ ചെയ്താൽ ഒരു വർഷം വരെ തടവിന് ശിക്ഷിക്കാം.സ്വകാര്യസ്ഥലത്താണെങ്കിലും ബന്ധപ്പെട്ട അധികൃതരുടെ അനുവാദം വാങ്ങണം.

ബോർഡുകളും കൊടികളും സ്ഥാപിക്കുന്നത് പിൻവലിക്കുന്ന ഹൈക്കോടതി ഉത്തരവ് വന്നതോടെയാണ് ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ ചർച്ചയായത്.

## ചെറുപ്പക്കാർക്ക് വോട്ട് ചെയ്യാൻ മടി

വോട്ടർപട്ടികയിൽ പേര് ചേർക്കാനും വോട്ട് ചെയ്യാനുമുള്ള വിമുഖതയുടെ കാരണം പരിശോധിക്കുമെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ യു ഖേൽക്കർ. സർക്കാർ ഏജൻസിയെ ഉപയോഗിച്ച് നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിൽ ബോധവൽക്കരണം നടത്തുമെന്ന് അദ്ദേഹം പറഞ്ഞു.

ചെറുപ്പക്കാരിൽ പലരും പട്ടികയിൽ പേരു ചേർക്കുന്നില്ല. ചേർത്താലും വോട്ട് ചെയ്യാൻ താൽപ്പര്യപ്പെടാറുമില്ല. കേരളത്തിനു പുറത്ത് പഠിക്കാനോ, ജോലിക്കോ പോകുന്നവർ വോട്ട് ചെയ്യാൻ മാത്രമായി എത്താറില്ല. 30 വയസ്സിനു താഴെയുള്ള പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ളവർക്കും വോട്ട് ചെയ്യാൻ താൽപര്യമില്ലെന്നാണ് വിലയിരുത്തൽ.




ദേശീയ വോട്ടർ ദിനത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാനും ചീഫ് ഇലക്ടറൽ ഓഫീസർ രത്തൻ യു ഖേൽക്കറും

## പത്രവാർത്തകളിലൂടെ

### കൊച്ചിയിലെ ആദ്യതിരഞ്ഞെടുപ്പിന് 100 വയസ്സ്

കൊച്ചിയിലെ ആദ്യതിരഞ്ഞെടുപ്പിന് ജനുവരി ഏഴിന് 100 വയസ്സായി. കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പ് 1925 ജനുവരി ഏഴിനാണ് നടന്നത്.

കൗൺസിൽ പിന്നീട് ലെജിസ്ലേറ്റീവ് അസംബ്ളിയും , തിരുകൊച്ചി അസംബ്ളിയും , കേരള സംസ്ഥാന രൂപീകരണത്തോടെ കേരള നിയമസഭയുമായി മാറി.

തിരുവിതാംകൂറിലും മലബാറിലും ഇതിനു മുൻപു തന്നെ ജനപ്രതിനിധി കൗൺസിലുകൾ നിലവിൽ വന്നിരുന്നു.

കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിലിൽ 45 അംഗങ്ങൾ ഉണ്ടായിരുന്നു.

### കേരളകോൺഗ്രസ് സംസ്ഥാനപാർട്ടി

കേരള കോൺഗ്രസിനെ സംസ്ഥാന പാർട്ടിയായി കേന്ദ്രതിരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചു. ലോക്സഭാ തിരഞ്ഞെടുപ്പിൽ ഫ്രാൻസിസ് ജോർജ് കോട്ടയത്ത് നിന്നും ജയിച്ചതിനെ തുടർന്നാണ് അംഗീകാരം.

കേരളത്തിൽ നിന്ന് ലോക്സഭയിൽ ഒരു എം.പി (ഓരോ 25 സീറ്റിനും ഒരു എം.പി എന്ന കണക്കിൽ) അല്ലെങ്കിൽ നിയമസഭയിൽ നാല് എംഎൽഎ (നിയമസഭാ സീറ്റിന്റെ മൂന്ന് ശതമാനം) എന്നിങ്ങനെ ഉണ്ടെങ്കിലേ സംസ്ഥാന പാർട്ടിയായി അംഗീകാരം ലഭിക്കൂ.

രണ്ട് എംഎൽഎമാരാണ് പാർട്ടിക്കുള്ളത്. ചിഹ്നമായി ഓട്ടോറിക്ഷ ലഭിക്കാൻ കമ്മീഷന് അപേക്ഷ നൽകിയതായി പാർട്ടി ചെയർമാൻ പി.ജെ.ജോസഫ് അറിയിച്ചു. ഫ്രാൻസിസ് ജോർജ് ജയിച്ചത് ഓട്ടോറിക്ഷ ചിഹ്നത്തിലാണ്.

### പെരുമാറ്റച്ചട്ടം : നിലപാട് വ്യക്തമാക്കി തിരഞ്ഞെടുപ്പ് കമ്മീഷൻ

മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നത് വികസനത്തെ തടസ്സപ്പെടുത്തുമെന്ന സർക്കാർ വാദത്തോട് പൂർണമായും യോജിപ്പില്ലാതെ തിരഞ്ഞെടുപ്പ് കമ്മീഷൻ. വിവധ രാഷ്ട്രീയ പാർട്ടികൾക്ക് തുല്യനിലയിൽ മത്സരിക്കാനുള്ള അവസ്ഥയുണ്ടാക്കാനാണ് പെരുമാറ്റച്ചട്ടമെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു.

ഒറ്റത്തിരഞ്ഞെടുപ്പ് വിഷയത്തിൽ നിയമകമ്മീഷൻ നൽകിയ ചോദ്യാവലിക്കുള്ള മറുപടിയിലാണ് കമ്മീഷൻ നിലപാട് അറിയിച്ചത്. പെരുമാറ്റച്ചട്ടത്തെ വികസനത്തിനുള്ള തടസ്സമായി വ്യാഖ്യാനിക്കുന്നത് ശരിയല്ലെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ പറഞ്ഞു.

### ഒറ്റത്തിരഞ്ഞെടുപ്പ് : 800 സംഭരണശാലകൾ വേണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ

ലോക്സഭയിലേക്കും നിയമസഭകളിലേയ്ക്കും ഒന്നിച്ച് തിരഞ്ഞെടുപ്പ് നടത്തുമ്പോൾ ഇല്കട്രോണിക് വോട്ടിംഗ് യന്ത്രങ്ങളും മറ്റുപകരണങ്ങളും സൂക്ഷിക്കാൻ രാജ്യത്തുടനീളം 800 സംഭരണശാലകൾ കൂടി വേണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.

നിർമാണച്ചെലവടക്കം ചൂണ്ടിക്കാട്ടി സംഭരണശാലകൾ സ്ഥാപിക്കൽ ശ്രമകരമാണെന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടു. ഒറ്റത്തിരഞ്ഞെടുപ്പ് നടത്തുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ചുള്ള കമ്മീഷന്റെ നിലപാടുകൾ നിയമവകുപ്പിനെ അറിയിച്ചിരുന്നു. ഇക്കാര്യങ്ങൾ പരിശോധിക്കുന്ന പാർലമെന്ററി കമ്മിറ്റിയുമായി പങ്കിട്ട രേഖകളിലാണ് കമ്മീഷന്റെ അഭിപ്രായങ്ങൾ ഉള്ളത്.

# ദേശീയ വോട്ടർദിനം: ഫോട്ടോ പ്രദർശനം



ദേശീയ വോട്ടർദിനാഘോഷത്തോടനുബന്ധിച്ച് ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരഞ്ഞെടുപ്പ് ഫോട്ടോ പ്രദർശനം സംഘടിപ്പിച്ചു.

പ്രദർശനം കനകക്കുന്നിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്തു.

വിവിധ തിരഞ്ഞെടുപ്പുകളിലെ ചരിത്രസംഭവങ്ങളുടെ രേഖാവിവരണമായിരുന്നു ഫോട്ടോപ്രദർശനം.

മുൻമുഖ്യമന്ത്രിമാർ സമ്മതിദാനാവകാശം രേഖപ്പെടുത്തുന്നത്, ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നത്, കോവിഡ് കാലത്തെ പോളിംഗ് ദിനം, പോളിംഗ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ, എന്നിവയുടെ ഫോട്ടോകൾ കൊണ്ട് പ്രദർശനം ശ്രദ്ധേയമായി. ഫെബ്രുവരി 25 ന് കനകക്കുന്ന് കൊട്ടാരത്തിലും തുടർന്ന് 26,27 തീയതികളിൽ മാനവീയം വീഥിയിലും പ്രദർശനം നടന്നു.

ഐ&പിആർഡി അഡീഷണൽ ഡയറക്ടർ കെ.ജി. സന്തോഷ്, ഫീൽഡ് പബ്ളിസിറ്റി വിഭാഗം ഡപ്യൂട്ടി ഡയറക്ടർ എം.നാഫിഹ്, ചീഫ് ഫോട്ടോഗ്രാഫർ വി വിനോദ് , അസിസ്റ്റന്റ് എഡിറ്റർ വി എസ് വിവേക് എന്നിവർ ഫോട്ടോ പ്രദർശനത്തിന് നേതൃത്വം നൽകി●

# സൈബർ സുരക്ഷ സെമിനാർ



**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിലെ ഉദ്യോഗസ്ഥർക്കായി സൈബർ സുരക്ഷയെ സംബന്ധിച്ച് പോലീസ് സൈബർ വിഭാഗത്തിലെ വിദഗ്ദ്ധൻ വി.പി. പ്രവീൺ ക്ലാസ്സെടുക്കുന്നു.**

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ സൈബർ സുരക്ഷ സംബന്ധിച്ച ശില്പശാല നടന്നു.

സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ എംപ്ളോയീസ് വെൽഫെയർ ക്ളബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ശില്പശാലയിൽ പോലീസ് സൈബർ സുരക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരായ വി പി പ്രവീൺ, ജിതിൻ ജെ ജെ എന്നിവർ ക്ളാസ്സെടുത്തു.

സംസ്ഥാന പോലീസിലെ സൈബർ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ, ഡാറ്റാ ചോർച്ച, സൈബർ ആക്രമണം, വിവിധതരം സൈബർ തട്ടിപ്പുകൾ, സൈബർ ആക്രമണത്തിനുപയോഗിക്കുന്ന വിവിധ വൈറസുകൾ, ഹാക്കിംഗ് എന്നിവ സംബന്ധിച്ച് വി പി പ്രവീൺ വിശദീകരിച്ചു.

തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, മറ്റുദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു●

## ദേശീയ തിരഞ്ഞെടുപ്പ് കമ്മീഷൻ വോട്ടർപട്ടിക കേരളം

| | |
|---|---|
| സ്ത്രീവോട്ടർമാർ | 1,43,69,092 |
| പുരുഷവോട്ടർമാർ | 1,34,41,490 |
| ട്രാൻസ്ജെൻഡർ | 360 |
| **ആകെ** | **2,78,10,942** |
| പ്രവാസി വോട്ടർ | 90,124 |
| കന്നിവോട്ടർ | 2,96,552 |

## CROSSWORD SOLUTION

| Across | Down |
|---|---|
| 1. Three tier | 1. Term |
| 2. Record | 2. Reserved |
| 6. Six | 3. ECI |
| 8. Five | 4. Free |
| 9. Forfeited | 7. Void |
| 13. Civil | 10. Finance |
| 14. Day | 11. Tag |
| 15. List | 12. Death |
| 16. Oath | 13. Cast |
| 17. Block | 15. Lot |


**EDITORIAL TEAM**

*James P J, Shani M S*

**PHOTOGRAPHY**

*I&PRD, Aravind M.A.*

**DESIGN & LAYOUT**

*Nimisha N K*

# റിപ്പബ്ളിക് ദിനാഘോഷം



തിരഞ്ഞെടുപ്പ് കമ്മീഷൻ ഓഫീസ് അങ്കണത്തിൽ നടന്ന റിപ്പബ്ളിക്ദിന ചടങ്ങിൽ തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ ദേശീയ പതാക ഉയർത്തി.

ചടങ്ങിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## ഡീലിമിറ്റേഷൻ കമ്മീഷൻ ജില്ലാതല ഹീയറിംഗ് പുരോഗമിക്കുന്നു

ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ വാർഡുകളുടെ പുനർവിഭജനത്തിനുള്ള ഡീലിമിറ്റേഷൻ കമ്മീഷന്റെ കരട് റിപ്പോർട്ടിന്മേലുള്ള പരാതികളിൽ ജില്ലാതല ഹീയറിംഗ് പുരോഗമിക്കുന്നു.

ജനുവരി 16 ന് പത്തനംതിട്ടയിൽ ആരംഭിച്ച ഹീയറിംഗ് (നേർവിചാരണ) കോട്ടയം, ഇടുക്കി, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, പാലക്കാട് ജില്ലകളിൽ ഇതിനകം പൂർത്തിയായി. ഫെബ്രുവരി 11 ന് കാസർകോട്, 12 ന് കണ്ണൂർ, 13,14 കോഴിക്കോട്,15 വയനാട്, 21,22 തീയതികളിൽ തിരുവനന്തപുരം ജില്ലകളിൽ ഹീയറിംഗ് നടക്കും.

ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാനായ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാന്റെ നേതൃത്വത്തിലാണ് ഹീയറിംഗ് നടക്കുന്നത്. വിവിധ ജില്ലകളിലെ ഹീയറിംഗിൽ ഡീലിമിറ്റേഷൻ കമ്മീഷൻ അംഗങ്ങളായ എസ് ഹരികിഷോർ, കെ ബിജു , കമ്മീഷൻ സെക്രട്ടറി എസ് ജോസ്നമോൾ, അതാത് ജില്ലാ കളക്ടർമാർ, മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു●

# ഉപതിരഞ്ഞെടുപ്പ്: പരിശീലനം



ഫെബ്രുവരി 24 ന് നടക്കുന്ന ഉപതിരഞ്ഞെടുപ്പിനോടനുബന്ധിച്ച് റിട്ടേണിംഗ് ഓഫീസർമാർക്കും അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർമാർക്കുമുള്ള ഏകദിന പരിശീലനം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ഉദ്ഘാടനം ചെയ്തു.

തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ, ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം തുടങ്ങിയവ സംബന്ധിച്ച് വിദഗ്ദ്ധർ ക്ളാസ്സെടുത്തു. കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, കമ്മീഷനിലെ മറ്റ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി●

# തിരഞ്ഞെടുപ്പ് കമ്മീഷണർ ഗവർണറെ സന്ദർശിച്ചു



ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കറെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ സന്ദർശിച്ചു.

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണസംവിധാനം, ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന വാർഡ് പുനർവിഭജന പ്രക്രിയ, 2025 ൽ നടക്കാനുള്ള തദ്ദേശ സ്ഥാപന പൊതുതിരഞ്ഞെടുപ്പ് എന്നിവയെക്കുറിച്ച്, രാജ്ഭവനിൽ നടന്ന കൂടിക്കാഴ്ചയിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ഗവർണറുമായി ആശയവിനിമയം നടത്തി.

2024 ലെ വോട്ടർപട്ടിക സംക്ഷിപ്ത പുതുക്കലിന്റെ അവലോകന റിപ്പോർട്ട്, തിരഞ്ഞെടുപ്പ് കമ്മീഷന്റെ 2023-24 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 2020ലെ പൊതു തിരഞ്ഞെടുപ്പ് റിപ്പോർട്ട്, തിരഞ്ഞെടുപ്പ് ഗൈഡ് എന്നിവ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ഗവർണർക്ക് കൈമാറി●

# വിവിധ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ

| | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | മുനിസിപ്പൽ കോർപ്പറേഷൻ |
|---|---|---|---|---|---|
| വോട്ടർപട്ടിക- **ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ** | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | - | - | മുനിസിപ്പൽ സെക്രട്ടറി | കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി |
| പൊതു തരഞ്ഞെടുപ്പ്/ ഉപ തിരഞ്ഞെടുപ്പ് **വരണാധികാരി** | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | ജില്ലാകളക്ടർ | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ |
| പൊതു തിരഞ്ഞെടുപ്പ്/ ഉപ തിരഞ്ഞെടുപ്പ് **ഉപവരണാധികാരി** | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | 1.ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി<br>2.ഗ്രാമപഞ്ചായത്ത് വരണാധികാരി | 1. എഡിഎം / ഡെപ്യൂട്ടി കളക്ടർ (ജനറൽ)<br>2. ബ്ലോക്ക് പഞ്ചായത്ത് വരണാധികാരി<br>3.ഗ്രാമപഞ്ചായത്ത് വരണാധികാരി<br>4. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ |
| അദ്ധ്യക്ഷൻ / ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പ് * **വരണാധികാരി** | പൊതു/ഉപതിരഞ്ഞെടുപ്പ് വരണാധികാരി | പൊതു / ഉപതിരഞ്ഞെടുപ്പ് വരണാധികാരി | ജില്ലാകളക്ടർ | സ്ഥാനനിർദ്ദേശം ചെയ്യപ്പെട്ടഉദ്യോഗസ്ഥൻ | ജില്ലാകളക്ടർ |
| സ്റ്റാന്റിംഗ് കമ്മിറ്റി അംഗം / സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തിരഞ്ഞെടുപ്പ് * **വരണാധികാരി** | പൊതു / ഉപതിരഞ്ഞെടുപ്പ് വരണാധികാരി | പൊതു / ഉപതിരഞ്ഞെടുപ്പ് വരണാധികാരി | എഡിഎം / ഡെപ്യൂട്ടി കളക്ടർ (ജനറൽ) | അദ്ധ്യക്ഷൻ / ഉപാദ്ധ്യക്ഷൻ തിരഞ്ഞെടുപ്പിന്റെ വരണാധികാരി | എഡിഎം / ഡെപ്യൂട്ടി കളക്ടർ (ജനറൽ) |
| അദ്ധ്യക്ഷൻ / ഉപാദ്ധ്യക്ഷൻ അവിശ്വാസപ്രമേയം - **അധികാരപ്പെട്ട ഉദ്യോഗസ്ഥൻ** | ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി | ജില്ലാപഞ്ചായത്ത് സെക്രട്ടറി | ജില്ലാകളക്ടർ | തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | ജില്ലാകളക്ടർ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അവിശ്വാസപ്രമേയം - **അധികാരപ്പെട്ടഉദ്യോഗസ്ഥൻ** | ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി | ജില്ലാപഞ്ചായത്ത് സെക്രട്ടറി | ജില്ലാകളക്ടർ | തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | ജില്ലാകളക്ടർ |
| തിരഞ്ഞെടുപ്പ് ചെലവ് കണക്ക് സമർപ്പിക്കേണ്ടത്- **അധികാരപ്പെട്ടഉദ്യോഗസ്ഥൻ** | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറി | ജില്ലാപഞ്ചായത്ത് സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി | കോർപ്പറേഷൻ സെക്രട്ടറി |
| വോട്ടർ പട്ടിക സംബന്ധിച്ച അപ്പീൽ അധികാരി(സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ 18,19,20) | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | | | തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ | തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ |
| വോട്ടർ പട്ടിക സംബന്ധിച്ച അപ്പീൽ അധികാരി (KPR Act Sn.23, 24 & KM Act Sn.79, 80) | ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ | | | ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ | ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ |
| അംഗങ്ങളുടെ /കൗൺസിലർമാരുടെ സ്വത്തുവിവരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ | തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ | തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (റൂറൽ) | തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) | തദ്ദേശസ്വയംഭരണ വകുപ്പ് ഡയറക്ടർ (അർബൻ) |

*അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗം, ചെയർമാൻ തിരഞ്ഞെടുപ്പുകൾക്ക് ഉപവരണാധികാരി ഇല്ല.

# ജനഹിതം വാർത്താപത്രിക പ്രകാശനം ചെയ്തു



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതിമാസ വാർത്താപത്രിക ജനഹിതം കമ്മീഷണർ എ ഷാജഹാൻ പ്രകാശനം ചെയ്തു. കമ്മീഷൻ ആസ്ഥാനത്ത് നടന്ന സ്റ്റാഫ് മീറ്റിങ് വേദിയിലാണ് മാസിക പ്രകാശനം ചെയ്തത്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുമായി ബന്ധപ്പെട്ട വാർത്തകളും, തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട ലേഖനങ്ങളും വാർത്തകളുമാണ് പത്രികയുടെ ഉള്ളടക്കം.

തിരഞ്ഞെടുപ്പ് കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ്, കമ്മീഷണറുടെ പ്രൈവറ്റ് സെക്രട്ടറി ആർ മണികണ്ഠൻ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ജെ ആർ ഗീത, അഡീഷണൽ സെക്രട്ടറി സി എസ് ശ്രീകല, സീനിയർ ഫിനാൻസ് മാനേജർ റീനാ വർക്ഷീസ്, ലോ ഓഫീസർ പ്രീതി ആർ നായർ, ജോയിന്റ് സെക്രട്ടറിമാരായ എ സുരേഷ്കുമാർ, അനിൽ ജോണി, പി ജെ ജെയിംസ്, കൺസൾട്ടന്റുമാരായ എം ഷാജഹാൻ, വി. ഷാജിമോൻ, മറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു●

# C R O S S W O R D

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | | 2 | 3 | | | | | |
| | 4 | | | | | | 5 | ■ |
| | ■ | 6 | | | ■ | ■ | | ■ |
| | 7 | | ■ | 8 | | | | ■ |
| 9 | | | 10 | | | 11 | | 12 |
| 13 | | | | | ■ | | ■ | |
| | | | | ■ | ■ | | ■ | |
| | ■ | 14 | | | 15 | | | |
| | ■ | ■ | | ■ | 16 | | | |
| 17 | | | | | | ■ | ■ | ■ |
| 18 | | | | | | ■ | ■ | ■ |

**Across**

1. ........ Panchayati Raj system in every state is established by the Article 243B of the Constitution of India (5, 4)
4. The RO shall invariably ........ the reason for rejection of nomination papers. (6)
6. Number of standing committees in District Panchayath (3)
8. Candidates who have failed to lodge election expenditure within the time stipulated shall be disqualified for a period of ........ years from the date of such order (4)
9. If the candidate is not elected and the number of valid votes polled to him does not exceed 1/6th of the total number of votes polled the deposit shall become (S.144, KPR Act) (9)
13. SEC has the status of ........ court as per S.193 & 228 of Indian Penal Code, 1860 (5)
14. MCC shall come into force on the ........ in which announcement of programme for election is made. (3)
15. Form 6 is the ........ of contesting candidates. (4)
16. ........ shall be made or subscribed by a candidate contesting an election in LSGI as per the 1st Schedule of KPR Act and 2nd schedule of KM Act (4)
17. The election expenses of a candidate to ........ Panchayat shall not exceed 75,000/- (5)
18. In every LSGI 50% of seats are reserved for this category (5)

**Down**


1. Irrespective of the elected date, the ........ of a committee member expires on the expiry of the term of the panchayath committee/ municipal council. (4)
2. As per the Kerala Local Authorities Election Symbols (Reservation& Allotment) Order, 2017, symbols are either ........, allotted or free. (8)
3. Election Commission of India is otherwise known as ........ (3)
5. Copy of electoral roll given to recognised political parties is ........ of cost. (4)
7. If the court is of opinion that any nomination has been improperly rejected, then the election will be declared as ........ (S.102, KPR Act) (4)
10. The Vice President shall be an ex-officio member and chairman of this standing committee (7)
11. Each ballot unit should be secured with 4 of this item (Clue: Address) (3)
12. An election Petition shall abate only on the ........ of a sole petitioner or of the survivor of several petitioners (S.110 KPR Act) (5)
13. Polling team should not be in a position to see the voter while he ........ his vote. (4)
15. In an election of Head/Deputy Head, when votes are equal RO shall decide by drawing ........ (3)

**Crossword prepared by Shani M.S.**

**Answer in Page 8**

# ജനാധിപത്യം: ആഴവും പരപ്പും

എന്താണ് ജനാധിപത്യം? അതൊരു ഭരണക്രമമാണോ അതോ ഒരു സംവിധാനമാണോ? അതോ മറ്റെന്തെങ്കിലുമാണോ? ലോകമെമ്പാടുമുള്ള ഗവേഷകരും, സാമൂഹികചിന്തകരും, രാഷ്ട്രതലവന്മാരും, രാഷ്ട്രമീമാംസ പഠിതാക്കളും ഒക്കെ തന്നെ ജനാധിപത്യം എന്ന ചിന്തയെ അല്ലെങ്കിൽ ആശയത്തെ പല കോണുകളിൽ നിന്നു വീക്ഷിക്കുകയും, അപഗ്രഥിക്കുകയും, വിചിന്തനം ചെയ്യുകയും, വ്യാഖ്യാനിക്കുകയും ചെയ്തിട്ടുള്ളത് നമുക്ക് ലഭ്യമാണ്.



ജനാധിപത്യം (Democracy) എന്ന വാക്ക് ഉൽഭവിച്ചത് ഗ്രീക്ക് ഭാഷയിലെ ജനങ്ങൾ എന്നർത്ഥം വരുന്ന 'Demos' എന്ന വാക്കും റൂൾ, സ്ട്രെങ്ത് എന്നൊക്കെ അർത്ഥം വരുന്ന 'Kratos' എന്നീ രണ്ട് വാക്കുകൾ കൂട്ടിച്ചേർന്നതിൽ നിന്നാണ്. Democracy എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് ചരിത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ഹെറോഡോട്ടസാണ്. ബി.സി 430-ൽ 'Histories' എന്ന തന്റെ രചനയിലാണ് ഹെറോഡോട്ടസ് ആദ്യമായി ഈ വാക്ക് ഉപയോഗിച്ചത് എന്നതാണ് ചരിത്രം. അതുകൊണ്ട് ഹെറോഡോട്ടസ് 'Demcocracy' എന്ന വാക്കിന്റെ ഉപജ്ഞാതാവ് എന്നറിയപ്പെടുന്നു.

എന്നാൽ ജനാധിപത്യം എന്ന സിദ്ധാന്തത്തിന്റെ പിതാവെന്നറിയപ്പെടുന്നത് ബി.സി 507-ൽ ഏതൻസിനെ നയിച്ചിരുന്ന ക്ലയിസ്തനീസ് (Cleisthenes) എന്ന ഭരണാധികാരിയാണ്. അദ്ദേഹം ജനാധിപത്യത്തിന്റെ ഏറ്റവും പ്രാചീന രൂപമായ 'polis' എന്ന ജനാധിപത്യസർക്കാരിന് അവിടെ രൂപം നൽകിയിരുന്നു.

ജനാധിപത്യസിദ്ധാന്തത്തിന് ഏറ്റവും ആകർഷകമായ വ്യാഖ്യാനം നൽകിയത് അമേരിക്കയുടെ 16-ാമത്തെ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺ ആണ് – 'Government of the People, by the People and for the People'. പ്രസ്തുത നിർവ്വചനം ജനാധിപത്യം എന്ന സിദ്ധാന്തത്തെ ഏറ്റവും ലളിതമായി ലോകത്തിന് മുന്നിൽ പരിചയപ്പെടുത്തുന്നതിൽ വിജയിച്ചു.

എഡി അഞ്ചാം നൂറ്റാണ്ട് മുതൽ 11-ാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടങ്ങളിലാണ് ആധുനിക ജനാധിപത്യത്തിലേക്കുള്ള കുതിച്ചുചാട്ടത്തിന്റെ പരീക്ഷണങ്ങൾ ഏറിയ കൂറും അരങ്ങേറിയിട്ടുള്ളത്. അങ്ങ് ഗ്രീസിലും, റോമിലും, ഇംഗ്ളണ്ടിലും എന്തിനേറെ അറബി നാടുകളിലും അവയുടെ അലയൊലികൾ മുഴങ്ങിക്കേട്ടു. 1215 ൽ ഇംഗ്ളണ്ടിലെ ജോൺ രാജാവ് ഒപ്പുവച്ച 'മാഗ്നാകാർട്ട' ഉടമ്പടി ലോകമെമ്പാടുമുള്ള ജനാധിപത്യവിശ്വാസികളുടെ പ്രതീക്ഷകൾക്ക് 'രാസത്വരകമായി' പ്രവർത്തിച്ചു.17-ാം നൂറ്റാണ്ടിൽ ലോകത്താദ്യമായി പാർലമെന്ററി ജനാധിപത്യ വ്യവസ്ഥ ബ്രിട്ടനിൽ നിലവിൽ വന്നു. അതു കൊണ്ടാണ് ബ്രിട്ടനെ ജനാധിപത്യത്തിന്റെ കളിത്തൊട്ടിൽ (Cradle of Democracy) എന്ന് വിളിക്കുന്നത്. വിചിത്രമെന്നു പറയട്ടെ, ആ സമയത്തും ബ്രിട്ടൻ ലോകരാജ്യങ്ങളെ കോളനികളാക്കി തങ്ങളുടെ വരുതിയിൽ നിർത്തി അവിടത്തെ സമ്പത്ത് കൊള്ളയടിക്കാനാണ് ശ്രമിച്ചു കൊണ്ടിരുന്നത് എന്നത് ജനാധിപത്യ ചരിത്രത്തിലെ ഒരു വിരോധാഭാസമാണ്. 19, 20 നൂറ്റാണ്ടുകളിലായി നാമിന്നു ദർശിക്കുന്ന തരത്തിലുള്ള ജനാധിപത്യം ലോകമെമ്പാടും ശക്തിപ്പെട്ടു. എല്ലാ വർഷവും സെപ്തംബർ 15 ലോകജനാധിപത്യദിനമായി ഐക്യരാഷ്ട്രസഭ ആചരിച്ചു പോരുന്നു.


അപ്രകാരം ചരിത്രാതീത കാലം മുതൽക്കേ അനേകമനേകം സംഭവബഹുലമായ പരീക്ഷണ നിരീക്ഷണ വികാസപരിണാമങ്ങളിലൂടെ രൂപപ്പെട്ടു വന്നതാണ് നാമിന്ന് അനുഭവിക്കുകയും കാണുകയും ചെയ്യുന്ന ആധുനിക ജനാധിപത്യം. അതിനു പിന്നിൽ ധാരാളം ചോര ചിന്തിയ പാടുകളും ജീവത്യാഗത്തിന്റെ ഏടുകളുമുണ്ട്. അതിന്റെ ചൂടും ചൂരും നഷ്ടപ്പെടാതെകണ്ണിലെ കൃഷ്ണമണി പോലെ അത് കാത്തു സൂക്ഷിക്കേണ്ടത് ലോകത്തിന്റെ ബാധ്യതയാണ്.

സ്വാതന്ത്ര്യമാണ് ജനാധിപത്യത്തിന്റെ ഏറ്റവും പ്രകടമായ ലക്ഷണം. സ്വാതന്ത്ര്യമെന്നു പറയുമ്പോൾ ഒരുവന്റെ വ്യക്തിസ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം, അഭിപ്രായസ്വാതന്ത്ര്യം തുടങ്ങി അവന്റെ അടിസ്ഥാന അവകാശങ്ങളെല്ലാം ഉൾപ്പെട്ടു വരുന്നതാണ് അതിന്റെ കാതൽ. സമത്വവും നീതിയും അതിൽ ഇഴചേർന്നു നിൽക്കുന്നു. പരസ്പരബഹുമാനമാണ് അതിലേക്കുള്ള ദൂരം. അപ്പോഴാണ് സ്വാതന്ത്ര്യത്തിന് പരിധിയില്ലേ എന്ന ചോദ്യമുയരുന്നത്. തീർച്ചയായും ഉണ്ട്. അതുകൊണ്ടാണ് ഒരുവന്റെ സ്വാതന്ത്ര്യം മറ്റൊരുവന്റെ മൂക്കിൻ തുമ്പിനു മുമ്പിൽ അവസാനിക്കും എന്നു പറയുന്നത്. ഈ ഉപമ നമുക്ക് ഏത് സാഹചര്യവുമായി സന്നിവേശിപ്പിക്കാൻ കഴിയുന്നതാണ്.




പി ജെ ജെയിംസ്

ലോകത്താകമാനം വ്യത്യസ്തമായ ജനാധപത്യ രീതികളുണ്ട്. അവയിൽ പ്രമുഖമായ രണ്ടു വകഭേദങ്ങളാണ് പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും. സ്വിറ്റ്സർലാൻഡ്, അമേരിക്ക എന്നീ രാജ്യങ്ങൾ പ്രത്യക്ഷ ജനാധിപത്യ രീതി പിന്തുടരുമ്പോൾ ഇന്ത്യ പരോക്ഷ ജനാധിപത്യ രീതിയാണ് അവലംബിക്കുന്നത്. ജനാധിപത്യസിദ്ധാന്തത്തിനു പിന്നിലുള്ള ആശയം ജനങ്ങളുടെ പരമാധികാരത്തിൽ അവരുടെ ആധിപത്യത്തിൽ കാര്യങ്ങൾ സന്തുലിതമായി നിറവേറ്റപ്പെടുകയെന്നതാണ്.



ജനാധിപത്യം പൂർണതോതിൽ നടപ്പാക്കിയിട്ടുള്ള രാജ്യങ്ങളുടെ പട്ടികയെടുക്കുമ്പോൾ ലോകത്ത് എട്ട് ശതമാനം ജനങ്ങൾ മാത്രമാണ് പൂർണജനാധിപത്യത്തിന്റെ കീഴിൽ ജീവിക്കുന്നത് എന്ന് സർവ്വേ നടത്തിയ ഏജൻസികൾ പറയുന്നു. ഉത്തരവാദഭരണം നടത്തുന്നവർ, നിരുത്തരവാ

ദ ഭരണം നടത്തുന്നവർ എന്നിങ്ങനെ രാഷ്ട്രങ്ങളെ രണ്ടു പട്ടികയിൽപ്പെടുത്തി 'Atlas of impunity' തയ്യാറാക്കിയാണ് ഏജൻസികൾ അവയെ റാങ്ക് ചെയ്യുന്നത്.

ഉത്തരവാദിത്വമില്ലാതെ അമിതാധികാരം പ്രയോഗിക്കുന്നതും, സമൂഹത്തിലെ പ്രമുഖർ നിയമത്തിനതീതരായി പ്രവർത്തിക്കുന്നതുമാണ് 'impunity' കൊണ്ട് വിവക്ഷിക്കുന്നത്. നിരുത്തരവാദ ഭരണം, സാമൂഹിക സംഘർഷങ്ങൾ, കലാപങ്ങൾ, അക്രമങ്ങൾ, മനുഷ്യാവകാശലംഘനം, സാമ്പത്തികചൂഷണം, കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരം, പാരിസ്ഥിതിക പ്രതിസന്ധികൾ എന്നിവയാണ് അതിന്റെ ലക്ഷണങ്ങൾ. ഇത്തരം സാഹചര്യങ്ങൾ പണ്ടുകാലം മുതൽക്കേ നിലനിന്നുപോന്നതിനാലാണ് "ഭരണകൂടം സ്വതന്ത്രമായിരിക്കുമ്പോഴും ജനങ്ങൾ സ്വതന്ത്രരാവുന്നില്ല" എന്നു കാറൽ മാർക്സ് പറഞ്ഞിട്ടുള്ളത്.

ലോകത്തിലെ ഏറ്റവും ശ്രേഷ്ഠ ഭരണസംവിധാനമായ ജനാധിപത്യസിദ്ധാന്തം അതിവിപുലമായ ആശയസമ്പത്ത് ഉൾക്കൊള്ളുന്ന ഒന്നാണ്. ഒരു രാഷ്ട്രം ജനാധിപത്യസംവിധാനത്തിലൂടെയാണ് മുന്നേറുന്നതെന്നവകാശപ്പെടുമ്പോൾ ആ രാഷ്ട്രത്തിന് ഇദംപ്രഥമമായി ഉണ്ടാവേണ്ടത് ജനാധിപത്യം പ്രായോഗികമായി സന്നിവേശിപ്പിച്ച ഒരു ഭരണഘടനയാണ്. ജനാധിപത്യം ഒരു പ്രാഥമികമൂല്യമായി സ്വാംശീകരിച്ച ഒരു ഭരണഘടനയ്ക്ക് അതിന്റെ മറ്റു മൂല്യങ്ങളെ വേറിട്ട് ഉയർത്തി കാണിക്കേണ്ട ആവശ്യം പോലും വരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം പ്രസ്തുത മൂല്യങ്ങളെയും ഉൾക്കൊള്ളുന്നതാണ് ജനാധിപത്യം എന്ന വാക്കും അതിന്റെ സിദ്ധാന്തവും.

അതായത് ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ പരാമർശിച്ചിട്ടുള്ള Sovereign, Socialist, Secular എന്നീ വാക്കുകളുടെ മൂല്യങ്ങളും ഉൾക്കൊള്ളുന്നതു തന്നെയാണ് 'Democratic' എന്ന ഒറ്റ വാക്ക്. അതോടൊപ്പം Justice, Liberty, Equality, Fraternity എന്നീ വാക്കുളിലെ മൂല്യങ്ങളും 'Democracy' എന്ന ആശയത്തിൽ കുടികൊള്ളുന്നുണ്ട്. എന്നുവച്ചാൽ മേൽപ്പറഞ്ഞ എല്ലാ മൂല്യങ്ങളിലും അന്തർലീനമായ ആശയസമ്പത്ത് പേറാതെ ജനാധിപത്യം എന്ന ആശയത്തിനോ അതിന്റെ സിദ്ധാന്തത്തിനോ വേറിട്ട ഒറ്റയ്ക്കൊരു നിലയില്ല എന്നത് തന്നെ.



ജനാധിപത്യത്തിന്റെ ഒരു പോരായ്മയായി വിമർശകർ എപ്പോഴും ചൂണ്ടിക്കാണിക്കുന്നത് ഒരു ഭരണക്രമമെന്ന നിലയിൽ അത് ഭൂരിപക്ഷത്തെ മാത്രം ഉൾക്കൊള്ളുന്നു,

ന്യൂനപക്ഷങ്ങളെ അവഗണിക്കുന്നു, അവരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു എന്നുള്ളതാണ്. മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി വിൻസ്റ്റൺ ചർച്ചിൽ പറഞ്ഞിട്ടുള്ളത് "Democracy is the worst form of Government except for all those other forms that have been tried from time to time" എന്നാണ്.

ജവഹർലാൽ നെഹ്റു അതിനെ ഇപ്രകാരം പരിഷ്ക്കരിച്ചതായി കാണുന്നു. " Democracy is the worst form of Government,but nothing better than that".



ജനാധിപത്യത്തിന്റെ ശരിയായ നടത്തിപ്പിൽ പൗരസമൂഹത്തിന് നിസ്തുലമായ പങ്കാണുള്ളത്. ജനാധിപത്യം എന്ന ആശയത്തെ എത്രമാത്രം ഉൾക്കൊണ്ടാണ് പൗരസമൂഹം മുന്നോട്ട് പോകുന്നത് എന്നത് വിചിന്തനം ചെയ്യേണ്ട വിഷയമാണ്. ജനാധിപത്യത്തിൽ കാപട്യത്തിനോ പക്ഷപാതിത്വത്തിനോ സ്ഥാനമില്ല. ചിന്തിക്കുകയും അതിനനുസരിച്ച് പ്രവർത്തിക്കുകയും ആത്മാഭിമാനത്തോടെയും അന്തസ്സോടെയും ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു പൗരസമൂഹത്തെയാണ് ജനാധിപത്യമൂല്യമുള്ള ഭരണഘടന വിഭാവനം ചെയ്യുന്നത്. അവ സൃഷ്ടിപരമായ വിയോജിപ്പുകളിലും നിർഭയമായ അഭിപ്രായപ്രകടനങ്ങളിലും കുടികൊള്ളുന്നു. പക്ഷംചേരൽ, പിന്തുണ എന്നിവ രണ്ട് സംഗതികളാണ്. ആദ്യത്തേത് തിന്മയും രണ്ടാമത്തേത് നന്മയുമാണ്. സമൂഹത്തിന്റെ ഇത്തരം ജാഗ്രതയോടെയുള്ള കരുതലാണ് ജനാധിപത്യത്തിന്റെ ശരിയായ പ്രയാണത്തിന് സഹായകമായ നിക്ഷേപം. മാർഗരറ്റ് ആറ്റ്‌വുഡ് എന്ന എഴുത്തുകാരി പറഞ്ഞിട്ടുള്ളത് " ജനാധിപത്യത്തിന്റെ സാരാംശം സംവാദമാണ്...വാക്കുകൾ, വീണ്ടും വാക്കുകൾ, വീണ്ടും വാക്കുകൾ". അതാണ് ജനാധിപത്യമൂല്യത്തിലുള്ള ഭരണഘടനയുടെ അന്ത:സത്ത. ഉത്തരം കിട്ടിയില്ലെങ്കിൽ പോലും ചോദ്യങ്ങൾ ചോദിച്ചു കൊണ്ടേയിരിക്കണം എന്നതാണ് ജനാധിപത്യത്തിലെ ക്രിയാത്മക പങ്കാളിത്തം.

ജനാധിപത്യം ഒരു ഭരണക്രമം മാത്രമല്ല, അതൊരു ജീവിതസംസ്ക്കാരം കൂടിയാണ്. വ്യക്തികൾ, കുടുംബങ്ങൾ, സംഘടനകൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ, മതസാമുദായിക പ്രസ്ഥാനങ്ങൾ, മറ്റു കൂട്ടായ്മകൾ എന്നിവയുടെ സ്വഭാവം, പ്രവർത്തനക്രമം എന്നിവയിൽ അവർ പിന്തുടരേണ്ട ഒരു ശീലമാണത്. മറ്റുള്ളവരെ ഉൾക്കൊള്ളുക, പരിഗണിക്കുക, അവർക്കവസരം കൊടുക്കുക എന്നുവേണ്ട ഒരു വിശാലമനസ്കത കൂടിയാണ് ജനാധിപത്യം. മറ്റു മതങ്ങളെ കേൾക്കുക, മറ്റു സമുദായങ്ങളെ പരിഗണിക്കുക, മറ്റു ആശയങ്ങളെ ബഹുമാനിക്കുക, ഇതരസംവിധാനങ്ങളെ ഉൾക്കൊള്ളുക, ദുർബലരുടെ വാക്കുകൾ കൂടുതൽ കേൾക്കുക, അവർക്കും ബലവാൻമാരോടൊപ്പം പ്രവർത്തിക്കാൻ ഇടം നൽകുക, സംഘടിതശക്തിയാൽ ഒറ്റപ്പെട്ടവന്റെ അവകാശങ്ങളെ ചവിട്ടിമെതിക്കാതിരിക്കുക, തന്റെയും മറ്റുള്ളവരുടെയും പൗരാവകാശങ്ങളെ പരസ്പരം അംഗീകരിച്ച് അടിമത്ത സമാനമായ വിധേയത്വത്തിനെതിരായും വച്ചുപുലർത്തേണ്ട ഒരു വിശാലമായ കാഴ്ചപ്പാടാണത്. ഒരു ജനാധിപത്യവ്യവസ്ഥിതിയൽ പരിലസിക്കുന്ന ഒരു പൗരസമൂഹം അടിസ്ഥാനപരമായി പുലർത്തേണ്ട സംസ്കാരരീതിയാണ് ഇവിടെ പ്രതിപാദിച്ചിട്ടുള്ളത്. പൗരസമൂഹം ഇത് പിന്തുടരാതിരുന്നാൽ ജനാധിപത്യം സ്വേച്ഛാധിപത്യത്തിലേക്കും സർവ്വാധിപത്യത്തിലേക്കും വഴിമാറി സഞ്ചരിച്ചുവെന്നു വരാം. ഇത്തരം കാര്യങ്ങൾ പരിശോധിക്കുമ്പോൾ നമുക്ക് കാണാൻ കഴിയുന്നത് ജനാധിപത്യം ഒരു ആവാസവ്യവസ്ഥയാണെന്നാണ്. വളരെ കൃത്യമായി പരിപാലിക്കപ്പെടേണ്ട "ആവാസവ്യവസ്ഥ".●

(ലേഖകൻ തിരഞ്ഞെടുപ്പ് കമ്മീഷനിലെ ജോയിന്റ് സെക്രട്ടറിയാണ്. ലേഖനത്തിലുള്ളത് ലേഖകന്റെ അഭിപ്രായം മാത്രമാണ്)

# ഐപിആർഡി ഫോട്ടോപ്രദർശനം:
# ദേശീയ വോട്ടർദിനം

